"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം- 14

## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം
(ഹാജർ: എസ്.വാഹിദ്)

എ3/4372/09 — തീയതി:08.05.2013

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - എൽ.ഡി.സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 1. എ3/13767/13-ാം നമ്പർ 04.05.13-ലെ നടപടിക്രമം.
2. എ3/16673/10-ാം നമ്പർ 20.10.11-ലെ സ്റ്റോർ അറ്റൻഡർമാരുടെ അന്തിമഗ്രഡേഷൻ ലിസ്റ്റ്.

---

പരാമർശം (1) പ്രകാരമുള്ള എൽ.ഡി. സ്റ്റോർ കീപ്പർമാരുടെ പൊതു സ്ഥലം മാറ്റത്തിനുശേഷം വകുപ്പിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ എൽ.ഡി.സ്റ്റോർകീപ്പർ തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ഐ.ടി.ഐ. മടിക്കൈ |
| 2. | ഐ.ടി.ഐ. പേരാവൂർ |
| 3. | ഐ.ടി.ഐ.(വനിത) താഴേക്കോട് |

മേൽപ്പറഞ്ഞിട്ടുള്ള ഒഴിവുകളിൽ മടിക്കൈ ഐ.ടി.ഐ.-യിലെ ഒഴിവ് സസ്പെൻഷനിലുള്ള ശ്രീ. സനജിലാൽ എൽ.ഡി. സ്റ്റോർകീപ്പറെ സേവനത്തിൽ തിരികെ പ്രവേശിപ്പിയ്ക്കുമ്പോൾ നിയമിയ്ക്കുന്നതിനായി ഒഴിച്ചിടുന്നു അവശേഷിയ്ക്കുന്ന 2 ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റത്തിനായി പരിഗണിയ്ക്കേണ്ടത് പരാമർശം (2) പ്രകാരമുള്ള സ്റ്റോർ അറ്റൻഡർമാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നമ്പർ:173 ശ്രീ.സി.രത്നാകരൻ, ക്രമ നമ്പർ:174 ശ്രീ.സിയാവുദീൻ.ബി എന്നീ ജീവനക്കാരെയാണ്.

ശ്രീ. രത്നാകരൻ, സ്റ്റോർ അറ്റൻഡർ നിലവിൽ കേരളാ ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനത്തിലായതിനാൽ ടിയാന് കെ.എസ്.&എസ്.എസ്.ആർ.-ലെ പൊതുചട്ടം 28(ബി)(ii) പ്രകാരം 9940-16580 രൂപാ ശമ്പള നിരക്കിൽ എൽ.ഡി. സ്റ്റോർകീപ്പർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഡെപ്യൂട്ടേഷനിൽ തുടരാൻ അനുവദിയ്ക്കുന്നു.

മറുപുറം

ശ്രീ.രത്നാകരന്റെ ഡെപ്യൂട്ടേഷൻ മൂലമുള്ള ഒഴിവിലേയ്ക്ക് ക്രമ നമ്പർ:175-ലെ ശ്രീ.മണികണ്ഠ പ്രസാദിനെ പരിഗണിയ്ക്കുകയും താഴെപ്പറയുന്ന പ്രകാരം 2 ജീവനക്കാർക്ക് കെ.എസ്.&എസ്.എസ്.ആർ.-ലെ പൊതുചട്ടം 28(ബി)(ii) പ്രകാരം 9940-16580 രൂപാ ശമ്പള നിരക്കിൽ എൽ.ഡി. സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ഗ്രഡേഷൻ ലിസ്റ്റിലെ സീനിയോരിറ്റി നമ്പർ | പേരും തസ്തികയും നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനവും | സ്ഥാനക്കയറ്റം നൽകി നിയമിയ്ക്കുന്ന സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|
| 1. | 174 | സിയാവുദീൻ.ബി, സ്റ്റോർ അറ്റൻഡർ, ഐ.ടി.ഐ. കൊയിലാണ്ടി | ഐ.ടി.ഐ. പേരാവൂർ | |
| 2. | 175 | മണികണ്ഠപ്രസാദ് സ്റ്റോർ അറ്റൻഡർ ഐ.ടി.ഐ. ആറ്റിങ്ങൽ | ഐ.ടി.ഐ.(വ) താഴേക്കോട് | |

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ 26.02.11-ലെ ജി.ഒ.(പി)നം.85/2011/ഫിൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഓപ്ഷൻ പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ നൽകേണ്ടതാണ്.

ഉദ്യോഗസ്ഥരെ വിടുതൽ ചെയ്ത തീയതിയും സേവനത്തിൽ പ്രവേശിച്ച തീയതിയും ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് :-1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.
2. വകുപ്പ് വെബ്സൈറ്റ്.
3. എസ്.എസ്. (എ).
4. എസ്.എഫ്. (എ3).

// ഉത്തരവിൻ പ്രകാരം //

സീനിയർ സൂപ്രണ്ട്.